ഉത്തരം

(എ) ഫലപ്രദമാണ്. കൂടുതൽ പരിശീലനം കൊടുത്ത് കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികൾ തുടർന്നുവരികയാണ്.

(ബി) സർക്കാർ ഓഫീസുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇപ്പോഴത്തെ ഭരണ നടപടിക്രമങ്ങൾ ലഘൂകരിച്ച് മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനായി 26.5.1997-ലെ ജി.ഒ. (എം.എസ്.) നം. 7/97ഉ.ഭ.പ.വ.നം. ഉത്തരവ് പ്രകാരം സർക്കാർ കേരള ഭരണ പരിഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓഫീസുകളിൽ കൃത്യനിഷ്ഠ പാലിക്കുന്നതിനുള്ള കർശനമായ നിർദ്ദേശങ്ങൾ കേരള സെക്രട്ടേറിയറ്റ് മാനുവൽ, മാനുവൽ ഓഫ് ഓഫീസ് പ്രൊസീജർ എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകാത്തവരും അനുവാദമില്ലാതെ സമയത്തിനു മുമ്പ് ഓഫീസ് വിടുന്നതുമായ ജീവനക്കാർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാരും മറ്റു മേലുദ്യോഗസ്ഥന്മാരും ശിക്ഷണ നടപടി എടുക്കണമെന്ന് 27.2.1997ലെ 13710/റൂൾസ്-2/96/പി. ആന്റ് എ.ആർ.ഡി. സർക്കുലറിലും 11.12.1997 ലെ 16307/ഡി.2/97 ഉ.ഭ.പ.വ. എന്ന സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) 1996-97ൽ 1752 ഉദ്യോഗസ്ഥന്മാർക്കെതിരെയും 1997-98ൽ 1645 ഉദ്യോഗസ്ഥന്മാർക്കെതിരെയും 1998-99ൽ 1473 ഉദ്യോഗസ്ഥന്മാർക്കെതിരെയും വിജിലൻസ് കേസ്സുകളും വിജിലൻസ് അന്വേഷണങ്ങളും രഹസ്യാന്വേഷണങ്ങളും സർപ്രൈസ് ചെക്കുകളും നടത്തിയിട്ടുണ്ട്. വിജിലൻസ് കേസ്സ് അന്വേഷണങ്ങളിൽ ഉൾപ്പെട്ട 179 ഉദ്യോഗസ്ഥന്മാരെ 1996-97-ലും 210 ഉദ്യോഗസ്ഥന്മാരെ 1997-98-ലും 221 ഉദ്യോഗസ്ഥന്മാരെ 1998-99-ലും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

42 (42) സർക്കാർ വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുവാൻ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(ബി) സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ/സർക്കാർ ഏജൻസികൾക്ക് ഇത്തരത്തിൽ സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയ മുൻപരിചയമുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികൾക്ക് എവിടെയെല്ലാം;

(സി) സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുമ്പോൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മുൻഗണനാക്രമം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏജൻസികളെയൊന്നും നിയമിച്ചിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹകരണം തേടുന്നുണ്ട്. വകുപ്പുകൾക്ക് അവരുടെ പദ്ധതിവിഹിതത്തിന്റെ 3% വരെ തുക കമ്പ്യൂട്ടർവൽക്കരണത്തിനായി മാറ്റി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുജനങ്ങളുമായി നിരന്തര സമ്പർക്കമുള്ളതും, കമ്പ്യൂട്ടർവൽക്കരണംമൂലം സർക്കാർ വരുമാനം വർദ്ധിക്കുവാൻ ഇടയുള്ളതുമായ വകുപ്പുകൾക്കാണ് കമ്പ്യൂട്ടർവൽക്കരണത്തിന് മുൻഗണന നൽകിയിട്ടുള്ളത്. ഐ.റ്റി. നടത്തിപ്പിനായുള്ള കർമ്മസമിതിയുടെ ഇതിന്മേലുള്ള ശുപാർശ അനുസരിച്ച് 34 വകുപ്പുകളെ മുൻഗണനാ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

43 (43) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

ശ്രീമതി ശോഭനാജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31.12.1998 വരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) 1996 മെയ് മാസത്തിന് തൊട്ടുമുമ്പുള്ള 33 മാസക്കാലത്ത് പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തി;

(സി) മുൻഗവൺമെന്റ് 1996 മെയ് മാസത്തിനു തൊട്ടുമുമ്പുള്ള 33 മാസക്കാലം നടത്തിയ നിയമനത്തേക്കാൾ ഈ ഗവൺമെന്റിന്റെ 33 മാസക്കാലത്തെ ഭരണത്തിൽ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ എണ്ണം കൂടുതലാണോ കുറവാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.12.1998 വരെ 56209 പേരെ വിവിധ തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) 40573 പേർക്ക് നിയമന ശുപാർശ നൽകി.

(സി) കൂടുതലാണ്.

(ഡി) ഏകദേശം 38.53 ശതമാനം കൂടുതലാണ്.

44 (44) പി.എസ്.സി. നിയമനങ്ങളുടെ നടപടിക്രമം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോർപ്പറേഷനുകളിലെ അസിസ്റ്റന്റ് ഗ്രേഡ്-2 പോലുള്ള സമാനതസ്തികൾക്ക്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം നടത്തുന്നതുപോലുള്ള ഒരു പൊതുവായ പരീക്ഷ നടത്തി അതിൽനിന്നും ആവശ്യാനുസരണം നിയമനം നടത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എൽ.ഡി.സി. അസിസ്റ്റന്റ് ഗ്രേഡ് 2-ൽ തുടങ്ങിയ ക്ലറിക്കൽ ഉദ്യോഗങ്ങളിൽപ്പോലും വിജ്ഞാപനം നടത്തി നിയമനം നൽകാൻ പി.എസ്.സി. കുറഞ്ഞത് അഞ്ചുവർഷത്തോളം എടുക്കുമ്പോൾ എസ്.എസ്.സി., യു.പി.എസ്.സി. തുടങ്ങിയ ഏജൻസികൾ സമയബന്ധിതമായി വളരെ വേഗത്തിൽ കാര്യങ്ങൾ നടത്തുന്നു എന്ന വസ്തുത കണക്കിലെടുത്ത് ആക്ഷേപകരമായ

LIBRARY ARCHIVES Kerala Legislative Assembly